പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5524 — 06.07.2012 ൽ മറുപടിയ്ക്ക്

## കടമ്പ്രയാറിൽ ലോക്ക്-കം-റഗുലേറ്റർ

ചോദ്യം : ശ്രീ. ബെന്നി ബെഹനാൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) കടമ്പ്രയാറിൽ, കടമ്പ്രയാറിനും കോഴിച്ചിറക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എ)&(ബി) കടമ്പ്രയാറിൽ കുറുകെ കോഴിച്ചിറയിൽ ലോക്ക്-കം-റഗുലേറ്റർ സ്ഥാപിക്കുന്നതിന് 1172 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നബാർഡിൽ നിന്നും നൽകിയിട്ടുണ്ട്. റഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള ലൊക്കേഷൻ തീരുമാനിച്ച് ഡിസൈൻ ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ വകുപ്പ് തലത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(സി) കടമ്പ്രയാറിന്റെ ആഴം കൂട്ടി ബോട്ട് സർവ്വീസ് തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

(സി)&(ഡി) കടമ്പ്രയാറിൽ ആഴം കൂട്ടി തീരം സംരക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനുള്ള 455 ലക്ഷത്തിന്റെ ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ